# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6714</u> <u>10.07.2014 ൽ മറുപടിക്ക്</u>

## ദുരന്തനിവാരണ സേന രൂപീകരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ആർ. സെൽവരാജ്<br>" വി.റ്റി. ബൽറാം<br>" പാലോട് രവി<br>" അൻവർസാദത്ത് | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) ആരോഗ്യവകുപ്പിൽ ദുരന്ത നിവാരണ സേന രൂപീകരിക്കാനു ദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ; | (എ) ആരോഗ്യ വകുപ്പിലെ ഡോക്ടർമാർക്കും പാരാമെഡിക്കൽ സ്റ്റാഫിനും ഫീൽഡ് വിഭാഗം ജീവനക്കാർക്കും ഫീൽഡ് തലത്തിൽ ദുരന്തനിവാരണ പ്രവർത്തനങ്ങൾ ചെയ്യാൻ പ്രാപ്തരാക്കുന്നതിനുവേണ്ടി പരിശീലന പരിപാടികൾ നടത്താറുണ്ട്. കൂടാതെ ഗവൺമെന്റ് ആശുപത്രികളും മറ്റ് ആരോഗ്യ സ്ഥാപനങ്ങളും കേന്ദ്രീകരിച്ച് നടത്തേണ്ട പ്രവർത്തനങ്ങളെക്കുറിച്ച് പരിശീലനം നൽകുകയും അതനുസരിച്ച് പ്രവർത്തിച്ച് വരികയും ചെയ്യുന്നുണ്ട്. ശബരിമല ഉത്സവ സീസൺ മറ്റ് പ്രധാന ഉത്സവങ്ങൾ എന്നിവയോട് അനുബന്ധിച്ച് ഇത്തരത്തിലുള്ള തയ്യാറെടുപ്പുകൾ നടത്താറുണ്ട്. ദുരന്തങ്ങൾ ഉണ്ടാകുമ്പോൾ ആരോഗ്യവകുപ്പ് ദുരന്തനിവാരണ പ്രവർത്തനങ്ങളിൽ ഏർപ്പെടുകയും കാര്യക്ഷമമായി പ്രവർത്തിക്കുകയും ചെയ്യാറുണ്ട്. ഇതിനുപരി പ്രത്യേക ദുരന്തനിവാരണ സേന ആരോഗ്യവകുപ്പിൽ പ്രവർത്തിക്കുന്നില്ല. ദുരന്തനിവാരണ സേന ആരോഗ്യവകുപ്പിൽ രൂപീകരിക്കുന്നത് സംബന്ധിച്ച വിഷയം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. |

| | |
|---|---|
| (ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തന രീതിയും എന്തൊക്കെയാണ്; വ്യക്തമാക്കാമോ;<br>(സി) പ്രസ്തുത സേനയിലെ അംഗങ്ങൾ ആരൊക്കെയാണെന്ന് വിശദമാക്കാമോ;<br>(ഡി) ഇതിനായി എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ബി) & (സി) & (ഡി) മേൽ മറുപടിയുടെ അടിസ്ഥാനത്തിൽ ബാധകമല്ല. |

സെക്ഷൻ ഓഫീസർ